I/128614/2023

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം.**

വിഷയം:- ആ.വ.ഡ - ജീവനക്കാര്യം - സ്പെഷ്യാലിറ്റി കേഡർ - ഉപരി പഠനാർത്ഥമുള്ള ശൂന്യ വേതന അവധിയ്ക്ക് ശേഷം ആരോഗ്യ വകുപ്പിൽ പുനർ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഉത്തരവ് നം. ഇ.എ1-157/2018/ആ.വ.ഡ തീയതി 14/05/2021

2. മേലെഴുത്തു നം.ഇ.ബി1- 356165/2023/ആ.വ.ഡ തീയതി 11.09.2023

3. ഡോ.അശ്വിത് ദാസ്. പി, ജൂനിയർ കൺസൾട്ടന്റ്, ജനറൽ സർജറി യുടെ 11.09.2023 തീയതിയിലെ അപേക്ഷ

**ഉത്തരവ് നം. ഇ.എ1-1026/2023/ആ.വ.ഡ തീയതി : 27-12-2023**

ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കെ 31.12.2020 മുതൽ ഉപരിപഠനാർത്ഥമുള്ള ശൂന്യ വേതന അവധിയിൽ പ്രവേശിച്ച ഡോ.അശ്വിത് ദാസ്. പി- യ്ക്ക് പരാമർശം (1)പ്രകാരം ജനറൽ സർജറി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ placement നൽകുകയും ഉപരിപഠനാർത്ഥമുള്ള ശൂന്യ വേതന അവധിയിൽ തുടരാൻ അനുമതി നൽകുകയും ചെയ്തിരുന്നു. ടിയാന്റെ അവധി കാലയളവ് 30.12.2023-നു അവസാനിക്കുന്നതിനാൽ ടിയാന് ആരോഗ്യ വകുപ്പിൽ പുനർനിയമനം നൽകണമെന്ന് പരാമർശം (2) പ്രകാരം നിർദേശിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഡോ.അശ്വിത് ദാസ്. പി- യ്ക്ക് പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകി ഉത്തരവാകുന്നു.

ഡോ.അശ്വിത് ദാസ്. പി 31.12.2023-നു ജോലിയിൽ പ്രവേശിക്കേണ്ടതും ജോലിയിൽ പ്രവേശിച്ച ആർ.ടി.സി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Dr Reena K J
Date: 27-12-2023 16:44:22

ആരോഗ്യവകുപ്പ് ഡയറക്ടർ

I/128614/2023

സ്വീകർത്താവ്: ഡോ.അശ്വിത് ദാസ്. പി, ജൂനിയർ കൺസൾട്ടന്റ് , ജനറൽ സർജറി

പകർപ്പ് :
1. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
2. ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം.
3. സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി, പാറശ്ശാല
4. ഫയൽ/കരുതൽ ഫയൽ